# പതിനഞ്ചാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2405
### 15/10/2024 ലെ മറുപടിയ്ക്ക്

**തദ്ദേശസ്വയംഭരണ ജീവനക്കാരുടെ സേവന വേതന സോഫ്റ്റ് വെയർ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.അബ്ദുൽ ഹമീദ്** | **ശ്രീ.കെ.എൻ.ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** |
| (എ) തദ്ദേശ സ്വയംഭരണ പൊതുസർവീസിലെ ഏകദേശം മുപ്പത്തയ്യായിരം വരുന്ന ജീവനക്കാരുടെ സേവന വേതന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ശമ്പള വിതരണത്തിനുമായി സ്പാർക്ക് മാതൃകയിൽ ഒരു ഏകീകൃത സോഫ്റ്റ്‌വെയർ ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാവിഭാഗം ഉദ്യോഗസ്ഥരെയും സ്പാർക്ക് അധിഷ്ഠിത ശമ്പളവിതരണ സംവിധാനത്തിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19/05/2022 ലെ ശിപാർശ ധനകാര്യ വകുപ്പിൽ **2138684/Dev-5/168/2022-Fin** നം ഫയലിൽ വിശദമായി പരിശോധിക്കുകയും, ശേഷം ചുവടെ കാണും പ്രകാരം മറുപടി നൽകുകയും ചെയ്തു.<br>ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടേയും, പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ജീവനക്കാരുടെയും, മുൻസിപ്പാലിറ്റി, മുൻസിപ്പൽ കോർപ്പറേഷൻ |

| | |
|---|---|
| | ജീവനക്കാരുടെയും ശമ്പളത്തിന് തത്തുല്യമായ തുക അതാത് സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി തുക ട്രഷറിയിൽ നിക്ഷേപിച്ച സ്പാർക്ക് മുഖാന്തരം മാറുന്നത് നിലവിലുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലെ വൈപുല്യവും, ശമ്പളച്ചെലവിലെ ഏകീകൃത രൂപമില്ലായ്മയും കണക്കിലെടുത്താൽ ശമ്പളവിതരണവും, ജനറൽ പർപ്പസ് ഫണ്ട് വിതരണവും കൂടുതൽ സങ്കീർണമാകുകയും ആയതിന്റെ നടപടിക്രമങ്ങൾക്ക് താമസം നേരിടുകയും ചെയ്യും. ഒപ്പം ആയിരത്തിലധികം വരുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ ജനറൽപർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി യഥാസമയം ശമ്പള വിതരണം നടത്തലും ആയതു ഉറപ്പാക്കലും പ്രായോഗികമായ ഒന്നല്ല.<br>മുഴുവൻ ജീവനക്കാരുടെയും ശമ്പള ചെലവ് സ്പാർക്ക് വഴി മാറുന്ന രീതി അവലംബിച്ചാൽ കാലക്രമേണ ശമ്പള വിതരണ ചുമതല സർക്കാരിൽ നിക്ഷിപ്തമാകുകയും ആനുപാതിക കിഴിവ് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ലെങ്കിൽ |

| | |
|---|---|
| | ആയതു സർക്കാരിന്റെ ഒരു വലിയ ആവർത്തന ബാധ്യതയായി തീരുകയും ചെയ്യും.<br>സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ടല്ലാതെ തനത് ഫണ്ടിൽ നിന്നോ, ധനസഹായത്തിൽ നിന്നോ ശമ്പളം നൽകുന്ന സ്ഥാപനങ്ങളുടെ ശമ്പളവിതരണത്തിനായാണ് ജി-സ്പാർക്ക് സംവിധാനം തന്നെ രൂപപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ തന്നെ എല്ലാ ജീവനക്കാരെയും സ്പാർക്ക് സംവിധാനത്തിലേക്ക് മാറ്റണമെന്ന പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയുന്നതല്ല. |
| (ബി) പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത 3 പ്രൊപ്പോസലുകൾ പരിഗണിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിൽ ലഭിച്ച എൽ.എസ്.ജി.ഡി-ഇആർഎ 3/84/2022-എൽ.എസ്.ജി.ഡി എന്ന ഫയലിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടി ക്രമങ്ങളുടെ ഫയൽ പകർപ്പ് ലഭ്യമാക്കാമോ; | ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടേയും, പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ജീവനക്കാരുടെയും, മുൻസിപ്പാലിറ്റി, മുൻസിപ്പൽ കോർപ്പറേഷൻ ജീവനക്കാരുടെയും ശമ്പളത്തിന് തത്തുല്യമായ തുക അതാത് സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി തുക ട്രഷറിയിൽ നിക്ഷേപിച്ച് സ്പാർക്ക് മുഖാന്തരം മാറുന്നത് നിലവിലുള്ള സ്ഥാപനങ്ങളുടെ |

| | |
|---|---|
| | എണ്ണത്തിലെ വൈപുല്യവും, ശമ്പളച്ചെലവിലെ ഏകീകൃത രൂപമില്ലായ്മയും കണക്കിലെടുത്താൽ ശമ്പളവിതരണവും, ജനറൽ പർപ്പസ് ഫണ്ട് വിതരണവും കൂടുതൽ സങ്കീർണമാകുകയും ആയതിന്റെ നടപടിക്രമങ്ങൾക്ക് താമസം നേരിടുകയും ചെയ്യും. ഒപ്പം ആയിരത്തിലധികം വരുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ ജനറൽപർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി യഥാസമയം ശമ്പള വിതരണം നടത്തലും ആയതു ഉറപ്പാക്കലും പ്രായോഗികമായ ഒന്നല്ല.<br>മുഴുവൻ ജീവനക്കാരുടെയും ശമ്പള ചെലവ് സ്പാർക്ക് വഴി മാറ്റുന്ന രീതി അവലംബിച്ചാൽ കാലക്രമേണ ശമ്പള വിതരണ ചുമതല സർക്കാരിൽ നിക്ഷിപ്തമാകുകയും ആനുപാതിക കിഴിവ് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ലെങ്കിൽ ആയതു സർക്കാരിന്റെ ഒരു വലിയ ആവർത്തന ബാധ്യതയായി തീരുകയും ചെയ്യും.<br>സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ടല്ലാതെ തനത് ഫണ്ടിൽ നിന്നോ, ധനസഹായത്തിൽ നിന്നോ |

| | |
|---|---|
| | ശമ്പളം നൽകുന്ന സ്ഥാപനങ്ങളുടെ ശമ്പളവിതരണത്തിനായാണ് ജി-സ്പാർക്ക് സംവിധാനം തന്നെ രൂപപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ തന്നെ എല്ലാ ജീവനക്കാരെയും സ്പാർക്ക് സംവിധാനത്തിലേക്ക് മാറ്റണമെന്ന പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയുന്നതല്ല. |
| (സി) സർക്കാരിന്റെ സുപ്രധാന നയമായ വകുപ്പ് സംയോജനത്തിന്റെ കാതലായ ഭാഗമായ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയുടെ ഏകീകരണം നാളിതുവരെ നടപ്പിലാക്കാൻ സാധിക്കാത്ത കാര്യം ഗൗരവമായി പരിശോധിക്കുമോ; വിശദമാക്കാമോ? | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രൊപ്പോസൽ ലഭ്യമാകുമ്പോൾ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**DEV-5/168/2022-FIN (E 2138684) Finance (Dev- Wing) Dept**

**LSGD-ERA3/84/2022-LSGD (E 2121956) Dated: 05-12-2022**

സ്പാർക് വഴി ശമ്പളം വിതരണം ചെയ്യുന്നതിനാണ് ബജറ്റ് ശീർഷകവും അനുബന്ധ ബജറ്റ് വകയിരുത്തലും അവശ്യമായിട്ടുള്ളത്. ജി-spark, യൂനിസ്പാർക് എന്നീ സോഫ്റ്റ്‌വെയർ വഴി ശമ്പളം വിതരണം ചെയ്യുന്നതിന് ബജറ്റ് ശീർഷകമോ, വകയിരുത്തലുകളോ ആവശ്യമില്ല. കൂടാതെ സ്പാർക്കിലെ വിവരങ്ങൾ ജി-സ്പാർക്കിലേക്ക് അബ്സോർബ് ചെയ്യുന്നതിന് നിലവിൽ സൗകര്യം ഒരുക്കിയിട്ടുള്ള സാഹചര്യത്തിൽ ശമ്പള വിതരണത്തിൽ ഇൻ്റർ ട്രാൻസെറബിലിറ്റി തത്വം ഫലവത്തായും ആക്ഷേപരഹിതമായും നടത്തുന്നതിന് യാതൊരുവിധ ബുദ്ധിമുട്ടും അനുഭവപ്പെടുകയുമില്ല.

പ്രിൻസിപ്പൽ ഡയറക്ടറുടെ ഒന്നാമത്തെ നിർദ്ദേശത്തിൽ സൂചിപ്പിക്കുന്നത് പ്രകാരം ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെയും, പഞ്ചായത്ത് വകുപ്പിലെ ഗ്രാമ പഞ്ചായത്ത്, ജില്ലാ പഞ്ചായത് ജീവനക്കാരുടെയും, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപറേഷന് ജീവനക്കാരുടെയും ശമ്പളത്തിന് തത്തുല്യമായ തുക അതാത് സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി തുക ട്രഷറിയിൽ നിക്ഷേപിച്ചു സ്പാർക്ക് മുഖാന്തിരം മാറുന്നത് നിലവിലുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലെ വൈപുല്യവും, ശമ്പളച്ചെലവിലെ ഏകീകൃതരൂപമില്ലായ്മയും കണക്കിലെടുത്താൽ ശമ്പളവിതരണവും, ജനറൽ പർപ്പസ് ഫണ്ട് വിതരണവും കൂടുതൽ സങ്കീർണമാക്കുകയും ആയതിന്റെ നടപടിക്രമങ്ങൾക്ക് താമസം നേരിടുകയും ചെയ്യും. ഒപ്പം ആയിരത്തിലധികം വരുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി യഥാസമയം ശമ്പള വിതരണം നടത്തലും ആയതു ഉറപ്പാക്കലും പ്രായോഗികമായ ഒന്നല്ല. ഉദാഹരണമായി തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശമ്പള ചെലവ് സ്പാർക് വഴി വിതരണം ചെയ്ത ശേഷം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി ഈടാക്കുന്ന നിലവിലെ രീതി തന്നെ യഥാർഥ ചെലവിന്റെ അടിസ്ഥാനത്തിൽ അല്ല നടക്കുന്നത്. മറിച്ച് ഈടാക്കലിൽ നാമമാത്ര വാർഷിക വർധന വരുത്തുകയും ആയതു സർക്കാരിന്റെ യഥാർഥ ചെലവിനേക്കാൾ കുറഞ്ഞ ഒരു തുകയായി നിലനിൽക്കുകയുമാണ്. മേൽ സാഹചര്യത്തിൽ മുഴുവൻ ജീവനക്കാരുടെയും ശമ്പള ചെലവ് സ്പാർക്ക് വഴി മാറുന്ന രീതി അവലംബിച്ചാൽ കാലക്രമേണ ശമ്പള വിതരണ ചുമതല സർക്കാരിൽ നിക്ഷിപ്തമാകയും ആനുപാതിക കിഴിവ് ഉറപ്പു വരുത്താൻ കഴിഞ്ഞില്ലെങ്കിൽ ആയതു സർക്കാരിന്റെ ഒരു വലിയ ആവർത്തനസ്വഭാവ ബാധ്യതയായി തീരുകയും ചെയ്യുകയും ചെയ്യും.

സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ടല്ലാതെ തനത് ഫണ്ടിൽ നിന്നോ, ധനസഹായത്തിൽ നിന്നോ ശമ്പളം നൽകുന്ന സ്ഥാപനങ്ങളുടെ ശമ്പളവിതരണത്തിനായാണ് ജി-സ്പാർക്ക് സംവിധാനം തന്നെ രൂപപ്പെടുത്തിയിട്ടുള്ളതു എന്നതിനാൽ തന്നെ എല്ലാ ജീവനക്കാരെയും സ്പാർക്ക് സംവിധാനത്തിലേക്ക് മാറ്റണമെന്ന പ്രൊപോസൽ മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ കൂടി അടിസ്ഥാനത്തിൽ പരിഗണിക്കാൻ കഴിയുന്നതല്ലായെന്നു ഭരണ വകുപ്പിനെ അറിയിക്കുന്നു.

MADHUSOODANAN NAIR T.S

അണ്ടർ സെക്രട്ടറി

ധനകാര്യ വ്യയം സെക്രട്ടറിയ്ക്ക് വേണ്ടി